## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2854 12.10..2011-ൽ മറുപടിക്ക്.

### പഴശ്ശിരാജ-കൃഷ്ണമേനോൻ മ്യൂസിയങ്ങൾ മോടിപിടിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ. എ. പ്രദീപ് കുമാർ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ഈസ്റ്റ് ഹില്ലിൽ, പഴശ്ശിരാജ-കൃഷ്ണമേനോൻ മ്യൂസിയങ്ങൾ സ്ഥിതിചെയ്യുന്ന കോമ്പൗണ്ട് കാടുപിടിച്ച് ഉപയോഗ്യശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാട് വെട്ടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സ്ഥലം സൗന്ദര്യവൽക്കരിച്ച് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കത്തക്കവിധത്തിലേക്കുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുനടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | വി.കെ. കൃഷ്ണമേനോൻ മ്യൂസിയം വിപുലീകരിക്കാനായി ലക്ഷ്യമിട്ടിട്ടുണ്ട്. മ്യൂസിയം ഗ്യാലറികൾക്കായി പുതിയ കെട്ടിടം, തുറന്ന സ്റ്റേഡിയം തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്ത് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിരിക്കുകയാണ്. 8 കോടി രൂപ ചെലവിൽ വിവിധ ഗ്യാലറികൾക്കും മ്യൂസിയം പ്രവർത്തനത്തിനുമാവശ്യമായ സ്ഥലം ലഭിക്കുമാറ് കെട്ടിട സമുച്ചയം കെട്ടിപ്പൊക്കാനാണ് ലക്ഷ്യമിടുന്നത്. അതോടൊപ്പം പരിസരവികസനവും സൗന്ദര്യവൽക്കരണവും നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.